23066

# S.N.D.P.H.S.S PALISSERY

## വർണ്ണപ്പട്ടങ്ങൾ



# LITTLE KITES-23066

by

1 Shaniba T.S
2 Kawshik P.S
3Dev Narayanan P.B
4 Abdul Muhsin
5 Athul Krishna V.M
6 Parthiv Prakash
7 Nandhu Krishna M.S
8 Ameer Abbas M.S
9 Anjalo Baby
10 Athul Krishna Chandran
11 Rathu Krishna M.R
12 Adhi Krishna K.U
13 Aiswarya K.A
14 Akhilesh K.R
15 Aibel Babu
16 Muhammed Fazil K.R
17 Nikesh P Shibu
18 Sebastian Jose
19 Aryan Rajesh
20 Anjana Saju
21 Krishna V Sajeev
22 Anal Baby
23 Agnel Babu
24 Karthika H
25 Binasha Biju
26 Arav P.L
27 Rahul Rupesh
28 Abin Baiju

# മാമ്പഴം

മാവും മാമ്പഴവും മാമ്പഴകാലവു മലയാളിക്കെന്നും മറക്കാനാവാത്ത ഓർമ്മകളാണ്.

പഴങ്ങളിലെ രാജാവാണ് മാങ്ങ എന്ന് പറയാറുണ്ട്. മാങ്ങകളിലെ തന്നെ ഏറ്റവും പ്രസിദ്ധമായത് കിങ്ങ് അൽഫോൺസോ എന്ന മാമ്പഴമാണ്.

മാവ് എന്ന വൃക്ഷത്തിന്റെ ജന്മദേശത്തേക്കുറിച്ച് പല അഭിപ്രായങ്ങളും നിലവിലുണ്ടെങ്കിലും ദക്ഷിണ ഏഷ്യയിലാണ് മാവ് ജന്മം കൊണ്ടത് എന്ന് കൂടുതൽ ചരിത്രകാരന്മാരും വിശ്വസിക്കുന്നു.



ഗാർഹികമായി നിരവധി ഉപയോഗങ്ങൾ മാങ്ങയ്ക്ക് ഉണ്ട്. പഴുത്ത മാങ്ങ വളരെ സ്വാദുള്ള ഒരു ഭക്ഷണമാണെന്നതിനു പുറമേ പുളിശ്ശേരി തുടങ്ങിയ കറികൾ ഉണ്ടാക്കാനായി ഉപയോഗിക്കുന്നുണ്ട്. കേരളത്തിൽ പഴുത്ത മാങ്ങ തൊലി ചെത്തിക്കളഞ്ഞ് ചെറിയ കഷണങ്ങളാക്കി മുറിച്ച്

# ദ വാൾട്ട് ഡിസ്നി കമ്പനി

ലോകത്തിലെ ഏറ്റവും വലിയ മാദ്ധ്യമ-വിനോദ കോർപ്പറേഷനാണ് ദ വാൾട്ട് ഡിസ്നി കമ്പനി. 1923ൽ വാൾട്ട്, റോയ് ഡിസ്നി സഹോദരങ്ങൾ ഒരു ചെറിയ അനിമേഷൻ സ്റ്റുഡിയോയായാണ് ഈ കമ്പനി സ്ഥാപിച്ചത്

ഒരു കോമിക് കാർട്ടൂൺ കഥാപാത്രമാണ് മിക്കി മൗസ്. ദ വാൾട്ട് ഡിസ്നി കമ്പനിയുടെ ഐക്കൺ ഈ കഥാപാത്രമാണിത്. 1928-ൽ വാൾട്ട് ഡിസ്നി, യൂബി ല്വെർക്ക് എന്നിവർ ചേർന്നാണ് മിക്കി മൗസിനെ സൃഷ്ടിച്ചിച്ചത്.



ഇന്നിത് ഏറ്റ വലിയ ഹോളിവുഡ് സ്റ്റുഡിയോകളിലൊന്നും പതിനൊന്ന് അമ്യൂസ്മെന്റ് പാർക്കുകളുടേയും പല ടെലിവിഷൻ നെറ്റ്വർക്കുകളുടേയും (അമേരിക്കൻ ബ്രോഡ്കാസ്റ്റിങ് കമ്പനി, ഇ.എസ്.പി.എൻ, സ്റ്റാർ ടീവി എന്നിവ ഉൾപ്പെടുന്നു). ഡിസ്നിയുടെ പ്രധാന കാര്യാലയവും പ്രധാന നിർമ്മാണ സംരഭവും സ്ഥിതിചെയ്യുന്നത് കാലിഫോർണിയയിലെ ബർബാങ്കിലുള്ള ദ വാൾട്ട് ഡിസ്നി സ്റ്റുഡിയോസിലാണ്.

# ചന്ദ്രൻ

ഭൂമിയുടെ ഒരേയൊരു പ്രകൃതിദത്ത ഉപഗ്രഹമാണ് ചന്ദ്രൻ.ഇംഗ്ലീഷ്: Moon, Luna. ഭൂമിയിൽ നിന്ന് ശരാശരി 3,84,403 കിലോമീറ്റർ ദൂരെയാണ് ചന്ദ്രൻ സ്ഥിതി ചെയ്യുന്നത്; ഭൂമിയുടെ വ്യാസത്തിന്റെ ഏകദേശം മുപ്പത് മടങ്ങ് വരും ഈ ദൂരം.



ഗ്രീക്ക് ചിന്തകനായ അനക്സാഗൊരാസ് ആണ് പാശ്ചാത്യലോകത്ത് ആദ്യമായി ചന്ദ്രനും സൂര്യനുമെല്ലാം വലിയ ഗോളരൂപമുള്ള പാറകളാണ് എന്ന് സമർത്ഥിക്കാൻ ശ്രമിച്ചത്. ചന്ദ്രൻ സൂര്യപ്രകാശം പ്രതിഫലിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ ഈ പ്രസ്താവന അദ്ദേഹത്തെ തടവ് ശിക്ഷക്കും നാടുകടത്തലിനും ആണ് വിധേയനാക്കിയത്



ആദ്യമായി ചന്ദ്രോപരിതലം സ്പർശിച്ച മനുഷ്യനിർമിത വസ്തു ലൂണ 2 ആണ്. 1959-ൽ ഈ വാഹനം ചന്ദ്രോപരിതലത്തിൽ വന്നിടിച്ച് തകരുകയാണുണ്ടായത്. ഇതേ വർഷം തന്നെ മറ്റൊരു മനുഷ്യ നിർമിത ശൂന്യാകാശയാനമായ ലൂണ 3 ചന്ദ്രന്റെ ഭൂമിക്ക് അഭിമുഖമല്ലാത്ത മറുവശത്തിന്റെ ചിത്രം എടുക്കുന്നതിൽ വിജയിച്ചു.

# രണ്ടാം ലോകമഹായുദ്ധം

രണ്ടാം ലോകമഹായുദ്ധം 1939-1945 വരെയുള്ള കാലത്ത ആഗോളതലത്തിൽ സഖ്യകക്ഷികളും അച്ചുതണ്ടുശക്തികളും തമ്മിൽ നടന്നു. നാളിതുവരെ മനുഷ്യചരിത്രം കണ്ട ഏറ്റവും ഭീകരമായ ഈ പോരാട്ടത്തിൽ 72 ദശലക്ഷം പേർ (ഇതിൽ 24 ദശലക്ഷം സൈനികരായിരുന്നു) മരണമടഞ്ഞു. 70-ലേറെ രാജ്യങ്ങൾ തമ്മിൽ ഭൂഗോളത്തിന്റെ നാനാദിക്കിലുമായി നടന്ന ഈ യുദ്ധത്തിൽ അമേരിക്ക, സോവിയറ്റ് യൂണിയൻ, ചൈന, ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ ഉൾപ്പെട്ട സഖ്യകക്ഷികൾ, ജർമ്മനി, ജപ്പാൻ, ഇറ്റലി എന്നീ രാജ്യങ്ങൾ നേതൃത്വം നൽകിയ അച്ചുതണ്ടുശക്തികളെ പരാജയപ്പെടുത്തുകയായിരുന്നു.

1939 സെപ്റ്റംബർ 1-ന്, ജർമനി പോളണ്ടിനെ ആക്രമിക്കുന്നതോടു കൂടി രണ്ടാം ലോകമഹായുദ്ധത്തിന് ആരംഭമായി. ഈ മിന്നലാക്രമണത്തിനു ജർമനി നൽകിയ പേരു 'ഓപ്പറേഷൻ വെയിസ്സ്'' എന്നായിരുന്നു. ഇതേ തുടർന്നു സെപ്റ്റംബർ 3-ന് ബ്രിട്ടൺ, ഓസ്ട്രേലിയ, ന്യൂസിലാൻഡ്, ഫ്രാൻസ്, ഇന്ത്യ[2] എന്നീ രാജ്യങ്ങളും സെപ്റ്റംബർ 6 ന് ദക്ഷിണാഫ്രിക്ക, കാനഡ എന്നീ രാജ്യങ്ങളും ജർമനിയ്ക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു.

1945 ആഗസ്റ്റ് 6, 9 തീയതികളിൽ അമേരിക്ക ജപ്പാനിലെ ഹിരോഷിമ, നാഗസാക്കി എന്നീ നഗരങ്ങളിൽ യഥാക്രമം രണ്ട് അണുബോംബുകൾ പൊട്ടിച്ചു. ബോംബാക്രമണങ്ങളിൽ 129,000 നും 226,000 നും ഇടയിൽ ആളുകൾ കൊല്ലപ്പെട്ടു, അവരിൽ ഭൂരിഭാഗവും സാധാരണക്കാരായിരുന്നു, കൂടാതെ സായുധ പോരാട്ടത്തിൽ ആണവായുധങ്ങളുടെ ഒരേയൊരു ഉപയോഗമായി അവശേഷിക്കുന്നു.

# കേരളം

ഇന്ത്യയുടെ തെക്കുപടിഞ്ഞാറേ അറ്റത്തുള്ള ഒരു സംസ്ഥാനമാണ് കേരളം. തെക്കും കിഴക്കും തമിഴ്നാട്, വടക്കു കർണാടകം എന്നീ സംസ്ഥാനങ്ങളും പടിഞ്ഞാറ് അറബിക്കടലുമാണ്. പതിനൊന്നുമുതൽ 121 കിലോമീറ്റർവരെ വീതിയും 580 കിലോമീറ്റർ നീളവുമുള്ള കേരളത്തിന്റെ അതിർത്തികൾ.

കേരവൃക്ഷങ്ങൾ നിറഞ്ഞ സ്ഥലം എന്ന അർത്ഥത്തിൽ കേരളം എന്ന പേരുണ്ടായെന്ന അഭിപ്രായമാണ് ഏറ്റവും പ്രബലം. കേരം എന്ന പദവും സ്ഥലം എന്നർത്ഥം വരുന്ന അളം എന്ന പദവുംചേർന്നാണ്, കേരളം എന്ന പേരുണ്ടായതെന്ന വാദം ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നു.

ബ്രിടീഷുകാർ കേരളത്തിൽ സ്വാധീനമുറപ്പിച്ചതുമുതൽ കേരളം തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നായി തിരിഞ്ഞുകിടക്കുകയായിരുന്നു. മലബാർ പ്രദേശം മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായി ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിനു കീഴിലായിരുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും നാട്ടുരാജാക്കൻമാരിലൂടെയായിരുന്നു ഭരണം. 1947ൽ ഇന്ത്യ സ്വതന്ത്ര്യയായ ശേഷം, ഐക്യകേരളത്തിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടു. ഇതേത്തുടർന്ന്, 1956 നവംബർ ഒന്നിനാണ് മലയാളം പ്രധാനഭാഷയായ പ്രദേശങ്ങളെ◌ല്ലാം കൂട്ടിച്ചേർത്തുകൊണ്ട് കേരളം എന്ന സംസ്ഥാനം രൂപവത്കരിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ നവംബർ ഒന്ന് കേരളപ്പിറവിദിനമായി ആഘോഷിക്കപ്പെടുന്നു.

# ചക്ക

---



ലോകത്തിലെ ഏറ്റവും വലിയ പഴം ചക്കയാണ്

ജാക്ക് ഫ്രൂട്ട് ഹൽവ തുടങ്ങി നിരവധി ഭക്ഷ്യ ഉൽപന്നങ്ങൾ നമുക്ക് ഉണ്ടാക്കാം

ആൻറി ഓക്സിഡൻറുകൾ. ചക്കയ്ക്ക് മഞ്ഞനിറം നൽകുന്ന പിഗ്മെൻ്റുകളായ കരോട്ടിനോയിഡുകളിൽ വിറ്റാമിൻ എ ധാരാളമുണ്ട്. എല്ലാ ആൻ്റിഓക്സിഡൻ്റുകളേയും പോലെ കരോട്ടിനോയിഡുകളും കോശങ്ങളെ കേടുപാടുകളിൽ നിന്ന് സംരക്ഷിക്കുകയും നിങ്ങളുടെ ശരീരം ശരിയായി പ്രവർത്തിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങളും തിമിരം, മാക്യുലർ ഡീജനറേഷൻ തുടങ്ങിയ നേത്ര പ്രശ്നങ്ങളും തടയാൻ അവ സഹായിക്കും



## സുവർണ്ണ ഇതിഹാസങ്ങൾ എൽഡോറാഡോയ്ക്കുള്ള അന്വേഷണം



16-ഉം 17-ഉം നൂറ്റാണ്ടുകളിൽ, പുതിയ ലോകത്ത് എവിടെയോ എൽ ഡൊറാഡോ എന്നറിയപ്പെടുന്ന ഒരു വലിയ സമ്പത്ത് ഉണ്ടെന്ന് യൂറോപ്യന്മാർ വിശ്വസിച്ചിരുന്നു.

എൽ ഡൊറാഡോ തെക്കേ അമേരിക്കയിലെ ഒരു ഐതിഹ്യ നഗരമാണ്, അത് സ്വർണ്ണം കൊണ്ട് നിറഞ്ഞതാണെന്ന് വിശ്വസിക്കപ്പെടുന്നു. എൽ ഡൊറാഡോയുടെ ഇതിഹാസം ഉരുത്തിരിഞ്ഞത് ഇന്നത്തെ കൊളംബിയയിലെ മുസ്ക ഗോത്രത്തിലെ തദ്ദേശീയരിൽ നിന്നാണ്. പതിനാറാം നൂറ്റാണ്ടിൽ സ്പാനിഷ് അധിനിവേശ സമയത്താണ് ഇത് ഉത്ഭവിച്ചത്.

## എൽഡോറാഡോയിലെ സ്വർണ്ണം



# <u>പുഞ്ചിരി നിർമ്മാതാവ് ചാർളി ചാപ്ലിൻ</u>

സർ ചാൾസ് സ്പെൻസർ ചാപ്ലിൻ കെബിഇ (16 ഏപ്രിൽ 1889 - 25 ഡിസംബർ 1977) ഒരു ഇംഗ്ലീഷ് കോമിക് നടനും ചലച്ചിത്ര നിർമ്മാതാവും സംഗീതസംവിധായകനുമായിരുന്നു, അദ്ദേഹം നിശബ്ദ സിനിമയുടെ കാലഘട്ടത്തിൽ പ്രശസ്തിയിലേക്ക് ഉയർന്നു. തന്റെ സ്ക്രീൻ വ്യക്തിത്വമായ ട്രാംപിലൂടെ അദ്ദേഹം ലോകമെമ്പാടുമുള്ള ഐക്കണായി മാറി, കൂടാതെ ചലച്ചിത്ര വ്യവസായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തികളിൽ ഒരാളായി അദ്ദേഹം കണക്കാക്കപ്പെടുന്നു. വിക്ടോറിയൻ കാലഘട്ടത്തിലെ കുട്ടിക്കാലം മുതൽ 1977-ൽ മരിക്കുന്നതിന് ഒരു വർഷം മുമ്പ് വരെ അദ്ദേഹത്തിന്റെ കരിയർ 75 വർഷത്തിലേറെ നീണ്ടുനിന്നു, കൂടാതെ പ്രശംസയും വിവാദങ്ങളും ഉൾക്കൊള്ളുന്നു.







# ആമസോൺ മഴക്കാടുകൾ

തെക്കേ അമേരിക്കയിലെ ആമസോൺ പ്രദേശത്തു പടർന്നു കിടക്കുന്ന ഒരു വലിയ വനപ്രദേശമാണ് ആമസോൺ മഴക്കാടുകൾ.ഈ പ്രദേശത്തിന്റെ ആകെയുള്ള വ്യാപ്തിയായ 70 ലക്ഷം ചതുരശ്രകിലോമീറ്ററിൽ 55 ലക്ഷം ചതുരശ്ര കിലോമീറ്ററും ഈ വനം വ്യാപിച്ചു കിടക്കുന്നു. (കേരളത്തിന്റെ 138 ഇരട്ടി വലിപ്പം). 60 ശതമാനവും ബ്രസീലിലും 13 ശതമാനം പെറുവിലും 10 ശതമാനം കൊളംബിയയിലും ഉൾപ്പെടെ ആകെ 9 രാജ്യങ്ങളിലായി ആമസോൺ മഴക്കാടുകൾ സ്ഥിതിചെയ്യുന്നു.

# ജൈവവൈവിധ്യം

മഴക്കാടുകളാണ് ജൈവവൈവിധ്യത്തിന്റെ കേന്ദ്രങ്ങൾ, ഇതിൽത്തന്നെ ആമസോണാവട്ടേ, ഏഷ്യയിലെയും ആഫ്രിക്കയിലെയും കാടുകളേക്കാൾ ഉയർന്ന ജൈവവൈവിധ്യം ഉള്ളതുമാണ്. ഈ കാടുകളിൽ മറ്റെവിടെയുമുള്ള ജീവജാലങ്ങളേക്കാൾ ജീവികൾ അടങ്ങിയിരിക്കുന്നു. അറിയപ്പെടുന്ന സസ്യജന്തുജാലങ്ങളിൽ പത്തിൽ ഒന്നും ഇവിടെയാണ് ഉള്ളത്.അതായത് ലോകത്തേറ്റവും ജന്തുസസ്യജാലങ്ങൾ ഉള്ള സ്ഥലമാണ് ആമസോൺ മഴക്കാടുകൾ.



# സ്വാതന്ത്ര്യ സമര സേനാനി മോഹൻദാസ് കരംചന്ദ് ഗാന്ധി

സെപ്റ്റംബർ 29, 2023. മഹാത്മാഗാന്ധിയെക്കുറിച്ച് അധികം അറിയപ്പെടാത്ത 10 വസ്തുതകൾ. ...

മഹാത്മാഗാന്ധിയെക്കുറിച്ച് അധികം അറിയപ്പെടാത്ത 10 വസ്തുതകൾ. ...

ഗാന്ധിജിക്ക് പരസ്യമായി സംസാരിക്കാനുള്ള ഭയം. ...

സമാധാനത്തിനുള്ള നോബൽ സമ്മാനത്തിനുള്ള നാമനിർദ്ദേശം. ...

നെൽസൺ മണ്ടേലയുമായുള്ള ബന്ധം. ...

സ്ത്രീകളുടെ അവകാശങ്ങളുടെ ചാമ്പ്യൻ. ...

ശുചിത്വ ചാമ്പ്യൻ. ...

ഇന്റർഫെയ്ത്ത്



"ഒരു മനുഷ്യൻ അവന്റെ ചിന്തകളുടെയും അവൻ ചിന്തിക്കുന്നതിന്റെയും ഉൽപ്പന്നമാണ്."

"പ്രാർത്ഥന ചോദിക്കലല്ല....

"എല്ലാ മതങ്ങളുടെയും സാരാംശം ഒന്നാണ്....

"ആരോഗ്യമാണ് യഥാർത്ഥ സമ്പത്ത്, സ്വർണ്ണത്തിന്റെയും വെള്ളിയുടെയും കഷ്ണങ്ങളല്ല."

"ബലം വരുന്നത് ശാരീരിക ശേഷിയിൽ നിന്നല്ല. ...

"സൌമ്യമായ രീതിയിൽ, നിങ്ങൾക്ക് ലോകത്തെ ഇളക്കിമറിക്കാൻ കഴിയും."

# മയിൽ



ജന്തുവിഭാഗത്തിൽ പക്ഷിജാതിയിൽ കോഴികളുടെ കുടുംബത്തിലെ പക്ഷിയാണ് മയിൽ.പൊതുവെ മയിൽ എന്നുപറയുമ്പോൾ ആൺ മയിലിനെയാണ് കണക്കാക്കുക.ആൺമയിലിനുംപെൺമയിലിനുംരൂപത്തിൽകാര്യമായവ്യത്യാസമുണ്ട്. ആൺ മയിലുകൾക്ക്നീണ്ട വർണ്ണാഭമായ പീലികൾ ഉണ്ട്.ഇതാണ് വാലായി കാണുന്നത്.എന്നാൽ പെൺമയിലിന് നീണ്ട പീലിയില്ല.പൊതുവെ മയിലുകളെ ഇന്ത്യയിലും ആഫ്രിക്കയിലുമാണ് കണ്ടുവരുന്നത്.വളരെച്ചുറിയ ദൂരം മാത്രമേ ഇവയ്ക്കു പറക്കാനാവുള്ളു.സൂക്ഷ്മമായ കേൾവിശക്തിയും കാഴ്ചശക്തിയും ഇവയ്ക്കുണ്ട്.ശത്രുക്കളുടെ ആഗമനം വളരെപ്പെട്ടെന്ന് തിരിച്ചറിയാൻ ഇതിനാകും.

# സിംഹം



കാട്ടിലെ രാജാവാണ് സിംഹം. ഫെലിഡേ കുടുംബത്തിലെ പാന്തറ ജനുസ്സിൽ ഉൾപ്പെട്ട ഒരു വന്യജീവിയാണ് സിംഹം. വലിയ പൂച്ചകൾ (Big Cats) എന്നറിയപ്പെടുന്ന നാല് ജീവികളിൽ ഒന്നാണ് സിംഹം. 272 കിലോഗ്രാം വരെ ഭാരം വയ്ക്കുന്ന സിംഹങ്ങൾ മാർജ്ജാര വർഗ്ഗത്തിലെ രണ്ടാമത്തെ വലിയ ജീവിയാണ്. ആഫ്രിക്കൻ ഭൂഖണ്ഡത്തിലും ഏഷ്യയിലും ആണ് ഇപ്പോൾ സിംഹങ്ങൾ അധിവസിക്കുന്നത്. ഏഷ്യയിലിപ്പോഴുള്ളത് ഇന്ത്യയിലെ ഗിർ വനത്തിലുള്ള വളരെക്കുറച്ചു സിംഹങ്ങൾ മാത്രമാണ്. 10000 വർഷങ്ങൾക്ക് മുമ്പ് വരെ മനുഷ്യൻ കഴിഞ്ഞാൽ എറ്റവും കൂടുതൽ സ്ഥലങ്ങളിൽ അധിവസിച്ചിരുന്ന വലിപ്പമുള്ള സസ്തനി സിംഹമായിരുന്നു. ആഫ്രിക്കയുടെയും യൂറേഷ്യയുടെയും ഒട്ടുമിക്ക സ്ഥലങ്ങളിലും പടിഞ്ഞാറൻ യൂറോപ്പ് മുതൽ ഇന്ത്യ വരെയും അമേരിക്കയിൽ യൂക്കോൺ മുതൽ പെറു വരെയും സിംഹങ്ങൾ വസിച്ചിരുന്നു.വനത്തിൽ സിംഹങ്ങൾക്ക് 10 മുതൽ 14 വർഷം വരെയാണ് ജീവിതകാലം, എന്നാൽ മൃഗശാലയിലും അതു പോലുള്ള മറ്റു കൂട്ടിലിട്ടു വളർത്തുന്ന സാഹചര്യങ്ങളിലും 20 വർഷം വരെ സിംഹങ്ങൾ ജീവിക്കാറുണ്ട്. സവേനകൾ എന്നറിയപ്പെടുന്ന പുൽമേടുകളിലാണ് സിംഹങ്ങൾ കൂടുതൽ വസിക്കുന്നത് ഇവയോടു ചേർന്നു കിടക്കുന്ന കുറ്റിക്കാട് പ്രദേശങ്ങളും സിംഹങ്ങൾ വിഹരിക്കാൻ തിരഞ്ഞെടുക്കാറുണ്ട്. സിംഹങ്ങൾ സമൂഹജീവികളാണ്, സിംഹക്കൂട്ടത്തെ പ്രൈഡ് എന്നു വിളിക്കുന്നു. പെൺസിംഹങ്ങളും (Lioness) സിംഹക്കുട്ടികളും (Cub) വളരെക്കുറച്ച് പൂർണ്ണവളർച്ചയെത്തിയ ആൺ സിംഹങ്ങളും അടങ്ങിയതാണ് ഒരു പ്രൈഡ്. പെൺസിംഹങ്ങൾ കൂട്ടമായി വേട്ടയാടുന്നു. പ്രകൃതിയിലെ പ്രധാനപ്പെട്ട വേട്ടയാടുന്ന മൃഗങ്ങളിൽ (Apex Predator) ഉൾപ്പെട്ട സിംഹം സാധാരണയായി മനുഷ്യരെ ആക്രമിക്കാറില്ല, എങ്കിലും ചില സാഹചര്യങ്ങളിൽ സിംഹങ്ങൾ നരഭോജികളായി മാറാറുമുണ്ട്. പരിക്കോ മറ്റ് അവശതകൾ മൂലമോ സാധാരണ ഇരകളെ പിടിക്കാൻ പറ്റാതാവുമ്പോളാണ് ഇവ നരഭോജികളാവാറുള്ളത്.സിംഹം നിലനില്പ് അപകടകരമായ മൃഗങ്ങളുടെ പട്ടികയിൽ പെടുന്നു (റെഡ് ലിസ്റ്റ്). കഴിഞ്ഞ രണ്ടുദശാബ്ദം കൊണ്ട് സിംഹങ്ങളുടെ എണ്ണം 30% മുതൽ 50% വരെ കുറഞ്ഞിട്ടുണ്ട്.